പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 252 — 06/10/2016 ൽ മറുപടിക്ക്

## റീ-സർവ്വേ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മുഹമ്മദ് മുഹസിൻ. പി<br>ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ഇ.ടി.ടൈസൺ മാസ്റ്റർ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി) |
| (എ) ഭൂമിയുടെ റീ-സർവ്വേ മുൻ സർക്കാർ നിർത്തിവച്ചതിന്റെ കാരണം വിശദമാക്കുമോ; ഇതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള കഷ്ട നഷ്ടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) റീസർവ്വേ പൂർത്തിയാക്കിയ വില്ലേജുകളിലെല്ലാം തന്നെ ആയിരക്കണക്കിന് പരാതികളും ഹർജികളും ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇനിയും റീസർവ്വേ നടത്തുവാനുള്ള പ്രദേശങ്ങളിൽ സർക്കാർ ഭൂമിമാത്രം റീസർവ്വേ ചെയ്ത് തിട്ടപ്പെടുത്തിയാൽ മതിയെന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ വ്യക്തികളുടെ ഭൂമിയുടെ റീസർവ്വേ നടത്താവുന്നതാണെന്നും തീരുമാനിച്ച് മുൻ സർക്കാർ 31/10/2012ൽ GO(MS)409/2012/RD നമ്പർ ഉത്തരവ് പുറപ്പെടുവിച്ച് റീസർവ്വെ പ്രവർത്തനം നിർത്തിവച്ചു. റീസർവ്വെ നിർത്തിവച്ചതു കാരണം ജനങ്ങൾക്ക് കഷ്ടനഷ്ടങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്ത് റീസർവ്വേ നടപടികൾ പുനരാരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്നേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (ബി) റീസർവ്വേ നടപടികൾ പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (സി) റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളിൽ നിന്ന് ലഭിച്ച പരാതികൾ/ അപേക്ഷകൾ സമയബന്ധിതമായി പരിഹരിക്കാൻ തയ്യാറാകുമോ; | (സി) റീസർവ്വേ നടപടികൾ പൂർത്തിയാക്കിയ വില്ലേജുകളിൽ നിന്ന് ലഭിച്ച പരാതികൾ സമയബന്ധിതമായി പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) എത്ര വില്ലേജുകളിലെ ഭൂരേഖകളുടെ ഡിജിറ്റൈസേഷൻ പൂർത്തിയായിട്ടുണ്ടെന്നും ഇ-രേഖാ സമ്പ്രദായത്തിന്റെ | (ഡി) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 750 വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഇതിനകം ഡിജിറ്റൈസ് ചെയ്തുകഴിഞ്ഞിട്ടുണ്ട്. 557 വില്ലേജുകളിലെ ഡിജിറ്റൈസേഷൻ നടപടികൾ |

അടിസ്ഥാനത്തിൽ എത്ര വില്ലേജുകളിലെ രേഖകൾ ജനങ്ങൾക്ക് ലഭ്യമാകുമെന്നും വിശദമാക്കുമോ?

പുരോഗമിക്കുന്നു.

കേരള ലാൻഡ് ഇൻഫർമേഷൻ മിഷന്റെ കീഴിൽ ജില്ലാ ഡിജിറ്റൈസേഷൻ സെന്ററുകൾ സ്ഥാപിച്ചതിനു ശേഷം 2016 ജനുവരി മുതൽ വിവിധ ജില്ലകളിലായി 126 വില്ലേജുകളിലെ ഭൂരേഖകൾ ഡിജിറ്റൈസേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. ഇ-രേഖ സമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ 551 വില്ലേജുകളുടെ ഭൂരേഖകൾ ഓൺലൈൻ മുഖാന്തിരം പൊതുജനങ്ങൾക്കു ലഭ്യമാക്കിയിട്ടുണ്ട്. www.erekha.kerala.gov.in എന്ന വെബ് പോർട്ടൽ മുഖാന്തിരം ഓൺലൈനായി പണമടച്ച് റിക്കാർഡുകൾ ലഭ്യമാക്കാവുന്നതുമാണ്.

സെക്ഷൻ ഓഫീസർ